Editorial in the 'Snehithan'—action on.

264. മിസ്റ്റർ കെ. പി. വള്ളോൻ.—താഴെ എഴുതുന്ന ചോദ്യങ്ങൾക്കു സദയം ഉത്തരം നൽകുമോ.—

(എ) ഫ ഫ ഠ വ മിഥുനം ൨ ൪-൨൯-യിലെ സ്നേഹിതൻ പത്രത്തിൽ ആയ്ക്കേരളം പത്രത്തെപ്പറ്റി "ശവമ്മെണ്ണിന്റെ കർമ്മമായ ശ്രദ്ധക്കു" എന്ന തലക്കെട്ടിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന പ്രാധിപ ഉപന്യാസം ശവമ്മെണ്ണിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ വിഷയത്തിൽ ശവമ്മെണ്ണു് വല്ല അന്വേഷണവും നടത്തിയോ;

(സി) അന്വേഷണഫലമെന്തു്?

രാമവർമ്മതമ്പുരാൻ.—(എ) ഉണ്ടു്.

(ബി) അന്വേഷണങ്ങൾ നടത്തിവരുന്നുണ്ടു്.

(സി) അന്വേഷണങ്ങൾ പൂർത്തിയായിട്ടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—ഏതുദ്യോഗസ്ഥനെയാണു് ഈ വിഷയങ്ങൾ അന്വേഷിക്കുവാൻ ഏല്പാടുചെയ്തിട്ടുള്ളതു്?

രാമവർമ്മതമ്പുരാൻ.—ഇപ്പോൾ ഏല്പാടുചെയ്തിട്ടുള്ളതു് പ്രൊട്ടക്ടരെയാണു്. റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടു്; വന്നുകഴിഞ്ഞിട്ടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ വിഷയത്തെ കുറിച്ചു് നേരിട്ടന്വേഷിക്കുവാനോ, പ്രൈവറ്റായിട്ടന്വേഷിക്കുവാനോ, ഏല്പാടുചെയ്തിട്ടുള്ളതു്?

രാമവർമ്മതമ്പുരാൻ.—ചോദ്യം മനസ്സിലായില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ വിഷയത്തെ കുറിച്ചു് നേരിട്ടന്വേഷിയ്ക്കുവാനോ, അതോ പ്രൈവറ്റായിട്ടന്വേഷിയ്ക്കുവാനൊ പ്രൊട്ടക്ടറോടാവശ്യപ്പെട്ടിട്ടുള്ളതു്?

രാമവർമ്മ തമ്പുരാൻ.—അങ്ങിനെ പ്രത്യേകിച്ചൊന്നും പറഞ്ഞിട്ടില്ല. ഇതിനേപ്പറ്റി അന്വേഷിക്കുവാൻ പ്രൊട്ടക്ടർക്കു് എഴുതി അയച്ചിട്ടുണ്ടു്; അദ്ദേഹത്തിന്റെ റിപ്പോർട്ട് വന്നുകഴിഞ്ഞിട്ടു് വീണ്ടും ആലോചിച്ചിട്ടും കൊടുക്കണമെന്നു തോന്നുന്നുണ്ടെങ്കിൽ കൊടുക്കാം.

Cost of supply of books to Depressed Classes pupils.

265. മിസ്റ്റർ കെ. പി. വള്ളോൻ.—ഈ വർഷത്തിൽ ഓരോ ക്ലാസുകളിലും അധഃകൃതവിദ്യാർത്ഥികൾക്കു് ഓരോ ഇനങ്ങളിലും ചിലവു ചെയ്തിട്ടുള്ള പുസ്തകങ്ങളെത്ര?

രാമവർമ്മതമ്പുരാൻ.—ഈ കൊല്ലത്തെ പുസ്തകങ്ങൾ മുഴുവനും കൊടുത്തുകഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. പി. വള്ളോൻ.—ഇക്കൊല്ലത്തെ പുസ്തകങ്ങളും മുഴുവൻ കൊടുത്തുകഴിഞ്ഞിട്ടില്ലെന്നു പറഞ്ഞിരിക്കുന്നു. ഏതുമാസത്തിൽ കൊടുത്തുതീർക്കുവാൻ കഴിയും?

രാമവർമ്മ തമ്പുരാൻ.—ഏകദേശം ഇപ്പോൾ അതെല്ലാം കൊടുത്തുകഴിഞ്ഞിരിക്കണം. ഈ ചോദ്യത്തിനു പറഞ്ഞിട്ടുള്ള Answer ചോദ്യം കിട്ടിയപ്പോൾ പറഞ്ഞിട്ടുള്ളതാണ്. അതു കഴിഞ്ഞിട്ട് ഇപ്പോൾ കുറച്ചദിവസങ്ങൾ ആയിട്ടുണ്ട്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഇപ്പോൾ പുസ്തകങ്ങൾ കിട്ടാത്ത വല്ല സ്കൂളുകളും ഉണ്ടോ എന്നറിയാമോ?

രാമവർമ്മതമ്പുരാൻ.—അതിനെപ്പറ്റി അന്വേഷിക്കാം.

മിസ്റ്റർ കെ. അയ്യപ്പൻ.—മറ്റു കൂട്ടികൾക്കെല്ലാം പുസ്തകം കിട്ടിക്കഴിഞ്ഞിട്ടുണ്ടെന്നുള്ളതു് അറിയാമോ?

രാമവർമ്മ തമ്പുരാൻ.—അവർ വിലകൊടുത്തു വാങ്ങിച്ചുകഴിഞ്ഞിരിക്കും.

മിസ്റ്റർ കെ. അയ്യപ്പൻ.—ഇവർക്കു പുസ്തകം കിട്ടുവാൻ ഇത്രതാമസം വരുന്നതിനുള്ള കാരണമെന്തു്?

രാമവർമ്മ തമ്പുരാൻ.—ആകെ എത്ര കൂട്ടികൾ ഉണ്ടെന്നറിഞ്ഞു വേണം എത്ര പുസ്തകം വേണമെന്നു കണക്കാക്കുവാൻ. അതിൽ പിന്നീടു് ആ പുസ്തകങ്ങൾ supply ചെയ്യുന്നതിനു കൺട്രാക്ടർമാർക്കു കൊടുക്കുവാൻ Tender വിളിച്ചു് കൺട്രാക്ടർമാരെ ഏല്പിക്കുന്നു. അതിനുശേഷമാണു് പുസ്തകം supply ചെയ്യുന്നതു്. അതുകൊണ്ടു് കുറച്ചു താമസം നേരിടുന്നുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—പള്ളിക്കൂടം തുറന്നിട്ടു് എത്ര ദിവസത്തിനുള്ളിലാണു് കൂട്ടികളെ ചേർക്കുന്നതിനുള്ള കാലം വച്ചിട്ടുള്ളതു്?

രാമവർമ്മ തമ്പുരാൻ.—കൂട്ടികളെ ചേർക്കുന്നതു് ഫാറം, ഫീദിവസത്തിനകമായിരിക്കും.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഈ Admission കഴിഞ്ഞയുടനെ അധികൃതവിദ്യാർത്ഥികൾ ഏതുപേരുണ്ടെന്നു് ഡിപ്പാർട്ടുമെൻറിലേയ്ക്കറിവുകൊടുക്കുവാൻ പ്രത്യേകം കല്പന അയച്ചിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—ഉണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഇതിനുമുമ്പും ഇതിനെ പറ്റി വല്ല ആക്ഷേപങ്ങളും ഗവർമ്മെണ്ടിനു കിട്ടിയിട്ടുണ്ടോ?

രാമവർമ്മ തമ്പുരാൻ.—ഈ കൌൺസിലിൽത്തന്നെ പല ആക്ഷേപങ്ങളും വന്നിട്ടുണ്ടു്.

മിസ്റ്റർ എം. കെ. രാമൻ.—മറ്റു കൂട്ടികൾ പുസ്തകംവച്ചു പഠിക്കുമ്പോൾ അധികൃതർമാത്രം പുസ്തകം കൂടാതെ പഠിക്കുവാൻ തക്കബുദ്ധിസാമർത്ഥ്യമുള്ളവരാണെന്നാണോ വിചാരിക്കുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

രാമവർമ്മതമ്പുരാൻ.—ഇവക്ക് പുസ്തകം കിട്ടുന്നതിനു കുറച്ചു ദിവസത്തെ പ്രത്യാസമേ ഉണ്ടാകയുള്ളൂ.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ഈ കാര്യത്തിൽ എന്തെങ്കിലും ഭേദമായിട്ടുള്ള ഒരു ഏർപ്പാടു ചെയ്യാൻ ഗവൺമെൻറു ശ്രദ്ധിയ്ക്കുമോ?

രാമവർമ്മ തമ്പുരാൻ.—താമസിക്കുന്നതിനെപ്പറ്റി ക്കൂടക്കൂടെ ആക്ഷേപം വരുന്നുണ്ടു്. അതുകൊണ്ടു് നിവൃത്തിയുള്ളിടത്തോളം താമസം വരുത്താതിരിയ്ക്കണമെന്നു് എഴുതി അയച്ചിട്ടുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഈ പുസ്തകങ്ങൾ supply ചെയ്യുന്ന കാര്യത്തിൽ Tender വിളിച്ചു കൺട്രാക്ടർമാർക്കു കൊടുക്കേണ്ടതിന്റെ ആവശ്യമെന്താണു്?

രാമവർമ്മ തമ്പുരാൻ.—ഇതുപോലുള്ള മറ്റെല്ലാകാര്യങ്ങൾക്കും Tender വിളിച്ചു കൺട്രാക്ടറെ കൊടുക്കുകയാണു പതിവു്. അതനുസരിച്ചു് ഇതിനും Tender വിളിച്ചു കൊടുക്കുകയാണു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഈ പുസ്തകങ്ങൾ വിദ്യാർത്ഥികളുടെ കയ്യിൽ എത്തിച്ചു കൊടുക്കുന്നതെങ്ങനെയാണു്?

രാമവർമ്മ തമ്പുരാൻ.—ചിലയിടത്തു് കൺട്രാക്ടർമാരും, ചിലസ്ഥലങ്ങളിൽ പ്രൊട്ടക്ടറരും, ബാക്കിയുള്ള സ്ഥലങ്ങളിൽ പ്രൊട്ടക്ടർ ഹെഡ്മാസ്റ്റർമാക്കയച്ചുകൊടുത്തു് അവർ മുഖാന്തിരവും പുസ്തകങ്ങൾ supply ചെയ്യുവരുന്നു.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ആകെ അൻപതു കൂട്ടികളേ ഉള്ളുവെങ്കിൽ ആ അൻപതുപേർക്കും നേരിട്ടു പുസ്തകം എത്തിച്ചുകൊടുക്കുന്നതേ?

രാമവർമ്മ തമ്പുരാൻ.—സാധാരണയായി ഡിപ്പാർട്ട്മെൻറിൽ നിന്നും കൺട്രാക്ടറുപ്രകാരമാണു് ഈ മാതിരി കാര്യങ്ങൾ ചെയ്യുന്നതു്.

മിസ്റ്റർ പി. എസ്സ്. കേശവൻനമ്പൂതിരി.—ഇപ്പോൾ Tender വിളിച്ചിട്ടുണ്ടോ?

രാമവർമ്മ തമ്പുരാൻ.—ഉണ്ടു്.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—മേലാൽ ഡിപ്പാർട്ട്മെൻറിൽ നിന്നുതന്നെ നേരിട്ടു കൊടുക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യാൻ വല്ല വിരോധവുമുണ്ടോ?

രാമവർമ്മ തമ്പുരാൻ.—Consider ചെയ്യാം.

മിസ്റ്റർ കെ. അയ്യപ്പൻ.—ഈ കൺട്രാക്ടറെ എടുക്കുന്നവർക്കു് കൂടുതലായി വല്ലതും ഗവൺമെൻറു ചെയ്തുകൊടുക്കുന്നുണ്ടോ?

രാമവർമ്മ തമ്പുരാൻ.—അവർക്കു് Commission കൊടുക്കുന്നുണ്ടു്.

മിസ്റ്റർ കെ. അയ്യപ്പൻ.—Commission കൊടുക്കേണ്ടിവരുന്നതു് ഗവൺമെൻറിനു നഷ്ടമല്ലേ?

രാമവർമ്മ തമ്പുരാൻ.—വലിയ നഷ്ടമൊന്നും ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ:—അവക്കുവേണ്ടി ഒരു പ്രത്യേക ഡിപ്പാർട്ട്മെൻറ വച്ചിരിയ്ക്കുമ്പോൾ ആ ഡിപ്പാർട്ട്മെൻറ മുഖാന്തിരമായാൽ ഈ നഷ്ടം കൂടാതെ ചെയ്യുവാൻ സാധിയ്ക്കയില്ലേ?

രാമവർമ്മ തമ്പുരാൻ.—അങ്ങിനെയുള്ള ഒരു കാര്യവും ഡിപ്പാർട്ട്മെൻറ മുഖാന്തിരം ചെയ്യാറില്ല. ഇതിനെ പറ്റി consider ചെയ്യാൻ വിഷമമില്ല.

Magistrates—revision of pay.

266. Mr. P. Raman Menon.—Will the Government be pleased to state.—

(a) whether a deputation waited on the Diwan to urge the necessity for revising the pay of the Sub-Magistrates;

(b) the reply given by the Diwan to the deputation;

(c) whether the Government are aware of the necessity of affording relief to the Sub-Magistrates in the manner recommended by the Special Finance Committee?

Rama Varmha Tampuran.—(a) Yes.

(b) The Diwan promised to consider the matter, but no definite reply was given.

(c) Government fear that they cannot take up the revision of pay at present.

Mr. P. Raman Menon.—May I know the reason why they cannot take up the revision at present?

Rama Varmha Tampuran.—For reasons of general financial stringency.

Mr. P. Raman Menon.—Are the Government satisfied that a case has been made out for a revision?

Rama Varmha Tampuran.—The Government did not go into such minute details. They are not going to take up the question at present for want of funds.

Selection of Probationary Inspector.

267. Mr. P. Kumaran Ezhuthassan.—Will the Government be pleased to state:—

(a) whether in selecting Mr. Sankara Menon as Probationary Inspector in 1108, his having taken the law course was a consideration with the Commissioner of Police;

(b) whether Mr. Sankara Menon possesses any other University degree than B. A.;

(c) whether there were not in service in the Police Department graduates who had also passed departmental tests;

(d) if the answer to (c) is in the affirmative, what were the special reasons for selecting Mr. Sankara Menon?

LIBRARY ARCHIVES Kerala Legislative Assembly